ഭരണഭാഷ — മാതൃഭാഷ

നമ്പർ. സി3/771/റ്റിസി/2013


ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]


തീയ്യതി, 17.12.2013

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — മുതിർന്ന പൗരൻമാർക്കായി സംവരണം ചെയ്ത സീറ്റുകൾ - റിപ്പോർട്ട് ആവശ്യപ്പെടുന്നത് — സംബന്ധിച്ച്

സൂചന :- സർക്കാരിന്റെ 13.11.2013-ലെ 15617/എം2/2013/ഗതാഗതം നമ്പർ കത്ത്

സംസ്ഥാനത്തെ എല്ലാ യാത്രാ ബസ്സുകളിലും 20% സീറ്റുകൾ മുതിർന്ന പൗരൻമാർക്കായി സംവരണം ചെയ്തിട്ടുണ്ട്. ഈ സീറ്റുകൾ ബസ്സുകളിൽ കൃത്യമായി മാർക്ക് ചെയ്തിരിക്കണമെന്നും സംവരണം ചെയ്ത സീറ്റുകൾ മുതിർന്ന പൗരൻമാർ/വികലാംഗർ/സ്ത്രീകൾ തുടങ്ങിയവർ ആവശ്യപ്പെട്ടുമ്പോൾ ഒഴിഞ്ഞുകൊടുക്കാതെ മറ്റ് യാത്രക്കാർ യാത്ര ചെയ്യുന്നത് 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 177-)0 വകുപ്പ് പ്രകാരം 100 രൂപ ഈടാക്കാവുന്ന കുറ്റമാണ് എന്ന് എല്ലാ ബസ്സുകളിലും എഴുതി വയ്ക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തണമെന്നും നിർദ്ദേശിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച സർക്കാർ താഴെ പറയുന്ന വിശദാംശങ്ങൾ ആവശ്യപ്പെട്ടിർക്കുകയാണ്.

(എ) മുതിർന്ന പൗരൻമാർക്കായി സംവരണം ചെയ്ത 20% സീറ്റുകൾ കൃത്യമായി മാർക്ക് ചെയ്തിട്ടില്ലാത്ത പ്രൈവറ്റ് ബസ്സുകളുടെ എണ്ണം ( വാഹന നമ്പർ ഉൾപ്പെടെ)

(ബി) സ്ത്രീകൾ, വികലാംഗർ, മുതിർന്ന പൗരൻമാർ എന്നിവർക്കായി സംവരണം ചെയ്ത സീറ്റുകൾ അവർ ആവശ്യപ്പെട്ടുമ്പോൾ ഒഴിഞ്ഞുകൊടുക്കാതെ മറ്റുള്ള യാത്രക്കാർ യാത്ര ചെയ്യുന്നത് 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 177-)0 വകുപ്പ് പ്രകാരം 100 രൂപ

പിഴ ഈടാക്കാവുന്ന കുറ്റമാണ് എന്ന് രേഖപ്പെടുത്താത്ത ബസ്സുകളുടെ എണ്ണം ( ബസ് നമ്പർ ഉൾപ്പെടെ)

(സി) മുതിർന്ന പൗരൻമാർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ മറ്റുള്ളവർ കയ്യടക്കിയത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇതിൻമേൽ സംബന്ധിച്ച് എടുത്ത നടപടികളുടെ വിശദാംശങ്ങളും.

ആയതിനാൽ സർക്കാർ ആവശ്യപ്പെട്ട മേൽ വിവരങ്ങൾ, താങ്കളുടെ കീഴിലുള്ള സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തി, 7 ദിവസത്തിനകം ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച നിയമ സഭാ സമിതിക്ക് മുൻപാകെ റിപ്പോർട്ട് സമർപ്പിക്കേണ്ടതുള്ളതുകൊണ്ട് മേൽ പറഞ്ഞ സമയപരിധിക്കുള്ളിൽ റിപ്പോർട്ട് നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടിയുണ്ടാകും എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
(എൻഫോഴ്സ്മെന്റ്)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ

18/12/13

സീനിയർ സൂപ്രണ്ട്.

18/12/13